# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069, 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org


**പത്രക്കുറിപ്പ്:** 21.02.2018

## കെ.പാനൂരിന്റെ വേർപാടിൽ കേരള സാഹിത്യ അക്കാദമി അനുശോചിച്ചു

കേരളത്തിലെ വനമേഖല മിക്കവാറും അലഞ്ഞ് ഗവേഷണപ്രവർത്തനം നടത്തിയ, കീഴാളപക്ഷപഠനങ്ങളുടെ ആദ്യപഥികനായിരുന്നു കെ.പാനൂരെന്ന് കേരള സാഹിത്യ അക്കാദമിയുടെ അനുശോചനസന്ദേശത്തിൽ അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ പറഞ്ഞു. അരികുകളിലേക്ക് മാറ്റിനിർത്തപ്പെട്ട, മുഖ്യധാരയിൽ അവഗണിക്കപ്പെട്ട കേരളത്തിലെ ആദിവാസികളുടെയും ദളിതരുടെയും ജീവിതത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് കെ.പാനൂരിന്റെ ആത്മാർത്ഥമായ പ്രയത്നത്തിന് മുഖ്യപങ്കുണ്ട്. ആദിവാസികൾക്കും ജീവിതമുണ്ടെന്നും അവരുടെ സാമൂഹികസംസ്കാരം മറ്റുള്ളവരുടേതുപോലെ വിലമതിക്കാനാകാത്തതാണെന്നും കേരളീയരെ പഠിപ്പിച്ചത് പാനൂരാണ്.

ചരിത്രത്തിൽ നിഷ്കാസിതരായ ജനതയെക്കുറിച്ച് സാംസ്കാരികലോകത്തെ ചിന്തിപ്പിക്കാൻ പഠിപ്പിച്ച മനുഷ്യാവകാശപ്രവർത്തകനായിരുന്നു അദ്ദേഹം. കേരളത്തിലെ ആഫ്രിക്ക എന്ന കൃതി അവഗണിക്കപ്പെട്ട ജനതയുടെ പച്ചയായ ജീവിതചിഹ്നമായി. അത് കേരള രാഷ്ട്രീയ ചരിത്രത്തിൽ ദിശാസൂചകമായി. അദ്ദേഹത്തിന്റെ ജീവിതയത്നങ്ങളുടെ പകർത്തിയെഴുത്തിനെ ആദരിച്ചുകൊണ്ട് 2006-ൽ കേരള സാഹിത്യ അക്കാദമി സമഗ്രസംഭാവനാ പുരസ്കാരം നൽകി- അനുശോചനസന്ദേശത്തിൽ സെക്രട്ടറി പറഞ്ഞു.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി